# കൈത്താക്കാലം
## വചന വിചിന്തനം
### കൈത്താക്കാലം മൂന്നാം ഞായർ

യോഹ 9,1-38

> "ക്രിസ്തു കടന്നുപോകുമ്പോൾ,
> ജന്മനാ അന്ധനായ ഒരുവനെ കണ്ടു" (യോഹ 9,1).
> പിറവികുരുടന് ക്രിസ്തുവിനെ കാണാൻ സാധിക്കുന്നില്ലെങ്കിലും
> ക്രിസ്തുവിന് പിറവികുരുടനെ കാണാൻ സാധിക്കുന്നുണ്ട്.
> അത് അവന് അനുഗ്രഹമായി ഭവിച്ചു.
> ചുരുക്കത്തിൽ, അനുഗ്രഹങ്ങൾ സ്വന്തമാക്കാൻ
> ക്രിസ്തുവിന്റെ കൺമുമ്പിൽ വന്ന് നിൽക്കുക!

ക്രിസ്തു പറയുന്നു;
ലോകത്തിലായിരിക്കുമ്പോൾ
ഞാൻ ലോകത്തിൻെറ
പ്രകാശമാണ്....
ഇതേ ദൗത്യത്തിലേയ്ക്ക്
തന്നെയാണ്
ഓരോ
ക്രിസ്ത്യാനികളെയും
ക്രിസ്തു വിളിച്ചിരിക്കുന്നത്!

"ക്രിസ്തു കടന്നുപോകുമ്പോൾ, ജന്മനാ അന്ധനായ ഒരുവനെ കണ്ടു" (യോഹ 9,1). വചനഭാഗത്തിലെ ഏറ്റവും സുന്ദരമായ വാക്യങ്ങളിലൊന്നാണിത്. പിറവികുരുടന് ക്രിസ്തുവിനെ കാണാൻ സാധിക്കുന്നില്ലെങ്കിലും ക്രിസ്തുവിന് പിറവികുരുടനെ കാണാൻ സാധിക്കുന്നുണ്ട്. അത് അവന് അനുഗ്രഹമായി ഭവിക്കുകയാണ്. എങ്കിൽ, വചനഭാഗം സമ്മാനിക്കുന്ന വലിയ ചിന്ത, അനുഗ്രഹങ്ങൾ സ്വന്തമാക്കാൻ ക്രിസ്തുവിന്റെ കൺമുമ്പിൽ വന്ന് നിൽക്കുക! ദൈവം തൂണിലും തുരുമ്പിലും വിണ്ണിലും മണ്ണിലും ഉണ്ട് എന്ന് നമ്മുക്കറിയാം. എങ്കിലും, ക്രിസ്തുവിന്റെ വ്യക്തമായുള്ള സാന്നിദ്ധ്യം എവിടെ എന്ന് ചോദിച്ചാൽ നമുക്ക് പറയാനുള്ള സ്ഥലം "ദേവാലയം" എന്ന് തന്നെയാണ്. അങ്ങനെയെങ്കിൽ, ക്രിസ്തുവിൽ നിന്ന് അനുഗ്രഹങ്ങൾ സ്വന്തമാക്കാനും, ക്രിസ്തുവിൽ നിന്ന് സൗഖ്യം സ്വന്തമാക്കാനുമുള്ള ഏറ്റവും നല്ല ഇടം ദേവാലയം തന്നെയാണ്.

ക്രിസ്തുവും ശിഷ്യൻമരും കടന്നുപോകുമ്പോൾ, വഴിയരുകിൽ ഭിക്ഷ യാജിച്ചുക്കൊണ്ടിരന്ന ജന്മനാ അന്ധനായ ഒരുവനെ കാണുന്നു. ഇവനെ കാണുമ്പോൾ ശിഷ്യൻമാർ കർത്താവിനോടു ചോദിക്കുകയാണ്:

"റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്, ഇവന്റെയോ ഇവൻെറ മാതാപിതാക്കൻമാരുടെയോ?"

തികച്ചും ധാർമ്മികമായ ഒരു ചോദ്യമാണ് ക്രിസ്തു ശിഷ്യൻ ക്രിസ്തുവിനോട് ചോദിക്കുന്നത്. "ഇവന്റെ ഈ അന്ധതയുടെ കാരണമെന്താണ്? ഇവന്റെ പാപമാണോ, അതോ, ഇവന്റെ മാതാപിതാക്കൻമാരുടെ പാപമാണോ ഇതിന്റെ പിന്നിൽ?" ഇന്നിന്റെ പ്രശ്നങ്ങൾക്ക് ഇന്നലകളെ പഴിക്കുന്ന പ്രവണതകൾക്ക് ക്രിസ്തുശിഷ്യൻമാരുടെ കാലഘട്ടത്തോളം പഴക്കമുണ്ട്!

ഇവന്റെ ഈ അന്ധതയ്ക്ക് കാരണം ഇവന്റെ പാപങ്ങളാണെങ്കിൽ ദൈവം ശിക്ഷകനാണ്. അല്ല, ഇവന്റെ മാതാപിതാക്കളുടെ പാപങ്ങളാണ് പിറവികുരുടന്റെ അന്ധതയ്ക്ക് കാരണമെങ്കിൽ ദൈവം തലമുറകളെ ശിക്ഷിക്കുന്നവനാണ്. അതുകൊണ്ടുന്നെ, ഇതിൽ ആരുടെ പാപമാണെന്ന് പറഞ്ഞാലും ആ ഉത്തരം തെറ്റായിരിക്കും. അതുകൊണ്ട് ക്രിസ്തു ശിഷ്യൻമാരുടെ ചോദ്യങ്ങൾക്ക്

ഇപ്രകാരം ഉത്തരം പറഞ്ഞു;

"ഇവൻെറയോ ഇവൻെറ മാതാപിതാക്കൻമാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത, ദൈവത്തിൻെറ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" (യോഹ 9,3).

ഉൽപത്തിയുടെ പുസ്തകത്തിൽ മനുഷ്യൻ പാപം ചെയ്ത് ദൈവവുമായുള്ള ബന്ധം വേർപ്പെടുത്തുന്നുണ്ട്. അത് അവന് ശിക്ഷയായ് ഭവിക്കുന്നുണ്ട്. അത് മനുഷ്യകുലത്തെ പാപത്തിന്റെ കരാളഹസ്തത്തിൽ നിന്ന രക്ഷിക്കുന്നതിനു വേണ്ടിയാണ്. ദൈവം മനുഷ്യനെ നശിപ്പിക്കാനായി ശിക്ഷിക്കുന്നവനല്ല. മറിച്ച്, രക്ഷിക്കുവാനായി ശിക്ഷിക്കുന്നവനാണ്. നോഹയുടെ കാലഘട്ടത്തിലെ ജലപ്രളയത്തിലേയ്ക്ക് ഒന്ന് എത്തി നോക്കുക; കർത്താവ് ജലപ്രളയം അയക്കുന്നത് തിന്മയുടെ വളർച്ചയെ തടയുന്നതിന് വേണ്ടിയാണ്. എങ്കിൽ, ഒന്നുറപ്പാണ്; ദൈവം ശിക്ഷിക്കുന്നവനല്ല മറിച്ച് രക്ഷിക്കുന്നവനാണ്. ഈ രക്ഷ സ്വന്തമാക്കാൻ നാം ചെയ്യേണ്ടത് ദൈവത്തോട് ചേർന്ന് നിൽക്കുക എന്നതുമാത്രമാണ്!

ഒരു വ്യക്തി വൃത്തിയുള്ള വസ്ത്രം ധരിച്ചു അതിരാവിലെ കുർബാനക്കായി പള്ളിയിലേക്ക് പുറപ്പെട്ടു. വഴിക്കുവെച്ച് കാൽ വഴുതി അയാൾ താഴെ വീണു. വീട്ടിൽ തിരികെ പോയി വസ്ത്രത്തിലെ ചളി കഴുകി വൃത്തിയാക്കി അയാൾ വീണ്ടും പള്ളിയിലേക്ക് നടന്നു. എന്നാൽ, നിർഭാഗ്യവശാൽ വീണ്ടും ചളിയിൽ വഴുതി അയാൾ താഴെ വീണു. വീട്ടിൽ പോയി ഒരിക്കൽ കൂടി വസ്ത്രം മാറ്റി ശരീരം വൃത്തിയാക്കി പിന്നെയും പള്ളിയിലേക്ക് നടന്നു. മൂന്നാം തവണ പള്ളിയിലേക്കുള്ള യാത്രയിൽ അയാൾ തെന്നി വീണ സ്ഥലത്ത് ഒരാൾ ഒരു വിളക്കുമായി നിൽപ്പുണ്ടായിരുന്നു. ഇത് കണ്ട അയ്യാൾ വിളക്കുമായി കാത്തുനിന്നിരുന്ന വ്യക്തിയോട് ഇതിനെ കുറിച്ച് തിരക്കി. അപരിചിതൻ പറഞ്ഞു;

"താങ്കൾ രണ്ടു തവണ ഇവിടെ വീഴുന്നത് ഞാൻ കണ്ടിരുന്നു. മൂന്നാമതും വീഴാതിരിക്കാൻ ഒരു വിളക്ക് കൊണ്ടുവതാണ്."

അപരിചിതനോട് നന്ദി പറഞ്ഞു രണ്ടുപേരും കൂടി പള്ളിയിലേക്ക് പോയി. പള്ളിയിൽ പ്രവേശിക്കാതെ പുറത്തുനിന്ന് അപരിചിതനോട് പലവട്ടം അകത്തേക്ക് ക്ഷണിച്ചെങ്കിലും അയാൾ വിസമ്മതിച്ചു പുറത്തു തന്നെ നിന്നു. ഒടുവിൽ നിർബന്ധിച്ചപ്പോൾ അയാൾ പറഞ്ഞു.

"എനിക്ക് അകത്തു പ്രവേശിക്കാൻ കഴിയില്ല . ഞാൻ പിശാചാണ്."

ഇത് കേട്ട വിശ്വാസി അമ്പരന്നു പോയി. സാത്താൻ കഥ വിവരിച്ചു;

"താങ്കൾ ആദ്യ തവണ വീഴുകയും വീട്ടിലേക്കു മടങ്ങി പോയി വസ്ത്രം മാറി തിരിച്ചു വരികയും ചെയ്തപ്പോൾ താങ്കളുടെ സകല പാപങ്ങളും ദൈവം പൊറുത്തു തന്നു. താങ്കൾ രണ്ടാമത് വീഴുകയും അത് താങ്കളെ വീട്ടിൽ നിൽക്കാൻ പ്രേരിപ്പിക്കാതിരിക്കയും വീണ്ടും വസ്ത്രം മാറി ശരീരം വൃത്തിയാക്കി പള്ളിയിലേക്ക് തപ്പി തടഞ്ഞു വരികയും ചെയ്തപ്പോൾ താങ്കളുടെ ഉറ്റവരുടെ പാപങ്ങളും ദൈവം പൊറുത്തു തന്നു. മൂന്നാമത്തെ തവണയും താങ്കൾ വെളിച്ചം ഇല്ലാത്തതിനാൽ വീഴുകയും അങ്ങിനെ തിരികെ പോയി വീണ്ടും പള്ളിയിൽ വരികയും ചെയ്തിരുന്നെങ്കിൽ ഒരു പക്ഷെ ദൈവം സകല മനുഷ്യരുടെയും പാപങ്ങൾ പൊറുത്ത് കൊടുക്കുമോ എന്ന് ഞാൻ ഭയപ്പെട്ടു. അത് ഒഴിവാക്കാനാണ് ഞാൻ താങ്കൾക്ക് വെളിച്ചം കാണിച്ചു തന്നത്."

ദൈവം ശിക്ഷിക്കുന്നവനല്ല മറിച്ച് രക്ഷിക്കുന്നവനാണ്. ഈ രക്ഷ സ്വന്തമാക്കാൻ

"യേശു പറഞ്ഞു: കാഴ്ചയില്ലാത്തവർ കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും ചെയ്യേണ്ട ന്യായവിധിക്കായിട്ടാണു ഞാൻ ഈ ലോകത്തിലേക്കു വന്നത്." അധികം വൈകാതെ, കാഴ്ചയുണ്ട് എന്ന് വിചാരിക്കുന്ന നാം അന്ധരായി തീരും!

നാം ചെയ്യേണ്ടത് ദൈവത്തോട് ചേർന്ന് നിൽക്കുക എന്നതുമാത്രമാണ്! വചനം ഉറപ്പ് നൽകുന്നുണ്ട്;

''ദൈവത്തെ സ്നേഹിക്കുന്നവർക്ക് ദൈവത്തിന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് എല്ലാം നന്മയ്ക്കായ് പരിണമിപ്പിക്കുന്നു" എന്ന്. നിസ്വാർത്ഥമായ പ്രവർത്തിയിൽ ദൈവം എത്ര മാത്രം അനുഗ്രഹം ചൊരിയുന്നുണ്ട് എന്ന് നാം അറിയാതെ പോകുന്നുണ്ട്. നാം ദേവാലയത്തിലേയ്ക്ക് പേകുമ്പോൾ പിശാച് വിറക്കുന്നു. ദേവാലയത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ പിശാച് നിരാശയോടെ അകലുന്നു. വി.കുർബ്ബാന സ്വീകരിക്കുമ്പേൾ പിശാച് ഭയത്തോടെ ഓടിമറയുന്നു. "ഒരു നൻമ അറിയിച്ചു കൊടുക്കുവൻ ആ നൻമ ചെയ്യുവനെ പോലെയാണ്"

"അവനോടു പറഞ്ഞു: നീ പോയി സീലോഹാ – അയയ്ക്കപ്പെട്ടവൻ എന്നർഥം – കുളത്തിൽ കഴുകുക. അവൻ പോയി കഴുകി, കാഴ്ചയുള്ളവനായി തിരിച്ചുവന്നു" (യോഹ 9,7). സീലോഹ എന്ന ഹീബ്രു പദത്തിന്റെ അർത്ഥം അയക്കപ്പെട്ടവൻ എന്നാണ്. പിറവികുരുടന്റെ ജീവിതത്തിലേയ്ക്കു നോക്കുക; ക്രിസ്തു അവന് കാഴ്ച്ച ലഭിക്കാൻ സീലോഹാ എന്ന കുളത്തിലേയ്ക്ക് അയക്കുന്നതുപ്പോലെയാണ് പിന്നീടങ്ങോട്ടുള്ള പിറവികുരുടന്റെ ജീവിതം; അവന്റെ മാതാപിതാക്കൾ തങ്ങളുടെ മകന് കാഴ്ച്ച സമ്മാനിച്ച ക്രിസ്തുവിന് സാക്ഷ്യം നൽകാൻ ഭയപ്പെടുന്നതുപ്പോലെയല്ല അവൻ ജീവിക്കുന്നത്. മറിച്ച്, ധീരതയോടെ പിറവികുരുടൻ ക്രിസ്തുവിന് സാക്ഷ്യം നൽകുന്നു. "യേശു എന്നു പേരുള്ള മനുഷ്യൻ ചെളിയുണ്ടാക്കി എൻെറ കണ്ണുകളിൽ പുരട്ടി, സീലോഹായിൽ പോയി കഴുകുക എന്നു പറഞ്ഞു. ഞാൻ പോയി കഴുകി; എനിക്കു കാഴ്ച ലഭിച്ചു" (യോഹ 9,12). അനുഗ്രഹം സമ്മാനിച്ച അനുഗ്രഹദാതാ വിനുവേണ്ടി മാറ്റി വയ്ക്കുന്ന ജന്മം. തനിക്ക് ലഭിച്ച അനുഗ്രഹത്തെപ്രതി ക്രിസ്തുവിന് വിശ്വാസത്തോടെ സാക്ഷ്യം സമ്മാനിക്കുന്നു. ക്രിസ്തു തന്റെ രക്ഷകനാണെന്ന് തിരിച്ചറിഞ്ഞ പിറവികുരുടൻ ക്രിസ്തുവിന്റെ തന്റെ സർവ്വസ്വവുമായി അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. പ്രതിന്ധികളിൽ പതറുകയോ, പ്രതിബന്ധങ്ങളിൽ പതറിപ്പോവുകയൊ ചെയ്യുന്നില്ല അവൻ. വിശ്വാസത്തിന്റെ അനുകരണീയമായ മാതൃക!

*വചനഭാഗം അന്ധകാരവും പ്രകാശവും തമ്മിലുള്ള സംഘർഷമാണ്! ആത്മീയ അന്ധത ബാധിച്ചവർ ആത്മീയ പ്രകാശമുള്ളവനെ പീഢിപ്പിക്കുന്നു! ഇതിൽ, എന്റെ സ്ഥാനം എവിടെ?*

***"കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു"***

റോമ 5,4

---

ഫാ. ജോബി മേനോത്ത്
+91 9447777931